KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.134/PR/PIC/PHQ/18 Date : 29.05.2018

## വ്യാജപോസ്റ്റ് അന്വേഷണം ആരംഭിച്ചു.

നിപ വൈറസ് ബാധ കോഴികളിലൂടെ പടരുന്നുവെന്ന കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിന്റെ പേരിൽ വ്യാജവാർത്ത പ്രചരിപ്പിച്ചതിനെതിരെ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ്കുമാർ നിർദ്ദേശിച്ച പ്രകാരം കോഴിക്കോട് നടക്കാവ് പോലീസ് 468,471 IPC & 120 (O) KP Act എന്നീ വകുപ്പുകൾ പ്രകാരം കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഇത്തരത്തിൽ ഒരു നിർദ്ദേശവും നൽകിയിട്ടില്ലെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ വ്യക്തമാക്കുകയും ഇക്കാര്യത്തിൽ അന്വേഷണം ആവശ്യപ്പെട്ട് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകുകയും ചെയ്തതിനെ തുടർന്നാണ് അന്വേഷണം. ഇത്തരത്തിൽ വ്യാജവാർത്തകൾ പ്രചരിപ്പിക്കുകയും വ്യാജപോസ്റ്റ് ഫോർവേഡ് ചെയ്യുന്നവർക്കുമെതിരെ ശക്തമായ നടപടിയെടുക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

***************